# കംസന്റെ വധം: കൊക്കക്കോളയുടെ പങ്കെന്ത്?

അനിവർ അരവിന്ദ്

**ഇക്കഴിഞ്ഞ** ജനുവരി 30-ന് മദ്രാസ് ഹൈക്കോടതിയുടെ മധുരൈ ബഞ്ച് ഗംഗൈകൊണ്ടേൻ പഞ്ചായത്ത് പ്രസിഡണ്ട് കംസന്റ് മരണത്തെക്കുറിച്ച് കേസ് രജിസ്റ്റർ ചെയ്യാനും ക്രൈം ബ്രാഞ്ച് സി.ഐ.ഡി. അന്വേഷണം നടത്താനും ഉത്തരവിട്ടു. കംസന്റെ ഭാര്യ ശാന്താമേരിയാണ് പരാതി നൽകിയത്. സംശയകരമായ സാഹചര്യത്തിൽ 2005 ആഗസ്റ്റ് 30-നാണ് കംസൻ മരിച്ചത്.

ഗംഗൈകൊണ്ടേനിലെ സിപ്കോട്ട് കോംപ്ലക്സിൽ സ്ഥാപിക്കുന്ന കൊക്കക്കോള കമ്പനിക്കെതിരെ കംസൻ ശക്തമായ തീരുമാനങ്ങൾ എടുത്തിരുന്നു. തമിരാഭരണി നദിയിൽനിന്നും പ്രതിദിനം 12 ലക്ഷം ലിറ്റർ ജലമൂറ്റുന്ന ഈ പ്രോജക്ടിനെതിരെ കംസന്റെ അധ്യക്ഷതയിൽ പഞ്ചായത്ത് ഒരു പ്രമേയം ഇക്കഴിഞ്ഞ ആഗസ്റ്റ് 23-ന് പുറത്തിറക്കുകയുണ്ടായി. "കുടിവെള്ള ക്ഷാമത്തെ വർദ്ധിപ്പിക്കുന്നതിനുപുറമെ പാരിസ്ഥിതികമായും ആരോഗ്യപരമായുള്ള പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഒരു യൂണിറ്റെന്ന നിലക്ക് ഗവൺമെന്റ് കമ്പനിക്കു നൽകിയ ലൈസൻസ് അടിയന്തിരമായി പിൻവലിക്കണമെന്ന്" പ്രമേയം ആവശ്യപ്പെട്ടിരുന്നു.

അന്നുരാത്രി ടെലഫോണിൽ ബന്ധപ്പെട്ട കമ്പനി അധികൃതർ ചർച്ചക്കായി കംസനെ തിരുനെൽവേലിയിലെ ഒരു ഹോട്ടലിലേക്ക് വിളിച്ചെന്നും കുറച്ചു ദിവസത്തേക്ക് അദ്ദേഹം വീട്ടിൽ തിരിച്ചെത്തിയില്ലെന്നും ഭാര്യ ശാന്താമേരിയുടെ പരാതിയിൽ പറയുന്നു. ഈ ദിവസങ്ങളിൽ അദ്ദേഹത്തെ മൊബൈൽ ഫോണിലും ലഭ്യമായിരുന്നില്ല.

23-നു രാത്രി തന്നെ പ്രമേയം പുറത്തിറക്കി 12 മണിക്കൂറിനുള്ളിൽ കമ്പനിയെ പിന്തുണച്ചു കൊണ്ടുള്ള കംസന്റെ ഒരു പ്രസ്താവന 'ഹിന്ദു' പത്രത്തിനു ലഭിക്കുകയുണ്ടായി.

ആഗസ്റ്റ് 28-ന് കൊക്കക്കോള ഉദ്യോഗസ്ഥന്മാരോടൊപ്പം അവശനിലയിലാണ് അദ്ദേഹം വീട്ടിൽ തിരിച്ചെത്തുന്നത്. മഞ്ഞപ്പിത്തം ഉള്ള തന്നെ കമ്പനി അധികൃതർ ബലമായി മദ്യപിപ്പിച്ചുവെന്നും പഞ്ചായത്തിന്റെ പ്രമേയം റദ്ദാക്കാൻ നിർബന്ധിച്ചെന്നും കംസൻ പിന്നീട് പറയുകയുണ്ടായി.

ശക്തമായ മഞ്ഞപ്പിത്തം കൊണ്ട് തിരുനൽവേലിയിലെ ഒരു ആശുപത്രിയിൽ വച്ച് ആഗസ്റ്റ് 30ന് കംസൻ അന്തരിച്ചു. ജില്ലാ പോലീസ് സൂപ്രണ്ടിനും സൗത്ത് സോൺ ഐ.ജിക്കും നൽകിയ പരാതികൾ അവഗണിക്കപ്പെട്ടതിനെ തുടർന്നാണ് ശാന്താമേരി കോടതിയെ സമീപിച്ചത്.

ഗംഗൈക്കൊണ്ടേനിൽ ജനങ്ങൾ ശക്തമായ പ്രക്ഷോഭത്തിലാണ്. ഇക്കഴിഞ്ഞ ജനുവരി 27ന് പരിസ്ഥിതിയേയും മണ്ണിനേയും ഭൂഗർഭ ജലത്തേയും നശിപ്പിക്കുന്ന കൊക്കക്കോള പ്ലാന്റ് ഉടൻ അടച്ചുപൂട്ടാനുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് പ്രമേയം പാസ്സാക്കുകയുണ്ടായി.

പക്ഷേ പ്ലാന്റ് പെടുന്ന മാനൂർ പഞ്ചായത്ത് 2006 ഫെബ്രുവരി 11ന് ചെയർമാന്റെയും 3 കൗൺസിലർമാരുടെയും അസാന്നിദ്ധ്യത്തിൽ അടിയന്തിരയോഗം ചേർന്ന് കമ്പനിക്ക് പ്രവർത്തനാനുമതി നൽകിയിരിക്കുകയാണിപ്പോൾ. കൊക്കക്കോള ലൈസൻസിയായി സമർപ്പിച്ച രേഖകളുടെ ലിസ്റ്റ് ഹാജരാക്കണമെന്ന സമരത്തെ പിന്തുണക്കുന്ന കൗൺസിലർ സി.എസ്. മണിയുടെ ആവശ്യം പോലും ഈ യോഗത്തിൽ അവഗണിക്കപ്പെടുകയാണ് ഉണ്ടായത്.

വിലക്കെടുത്തും കൊലപ്പെടുത്തിയും സമരങ്ങളെ ഒതുക്കുന്ന കൊക്കക്കോളയുടെ കൊളംബിയൻ തന്ത്രങ്ങളുടെ തുടർച്ചയാണിവിടെ നടന്നുകൊണ്ടിരിക്കുന്നത്.

### കോളയുടെ കൊലപാതകങ്ങൾ

കൊളംബിയൻ കൊക്കക്കോള പ്ലാന്റുകളിൽ കമ്പനി ഗുണ്ടകളാൽ കൊലചെയ്യപ്പെട്ട തൊഴിലാളി യൂണിയൻ നേതാക്കളുടെ പേരുവിവരങ്ങൾ താഴെ ചേർക്കുന്നു.

| തിയ്യതി | കൊല ചെയ്യപ്പെട്ടവരുടെ പേരുകൾ | കൊക്കക്കോള പ്ലാന്റ് |
|---|---|---|
| 1989 | ആവെലിനോ ചികനോയ് | പാസ്റ്റോ |
| 4-8-94 | ജോസ് എലാസീസർ മാൻ കൊ ഡേവിഡ് | കരേപ |
| 4-20-94 | ലൂയിസ് എൻ റിക് ഗിറാൾ ഡൊഅരൻ ഗെ | കരേപ |
| 4-23-95 | ലൂയിസ് എൻ റിക് ഗോമസ് ഗരാഡോ | കരേപ |
| 12-5-96 | ഇസിഡ്രോ സെഗുമുണ്ടോ ഗിൽ | കരേപ |
| 12-26-96 | ജോസ് ലിബ്രാഡോ ഹെരീര ഓസ് റിയൊ | കരേപ |
| 06-21-2001 | ഓസ്കാർ ഡാരിയോ സോട്ടോ പോളോ | മോണ്ടെരിയ |
| 08-31-2002 | അഡോൾ ഫോഡി ജീസസ് മുനേറ ലോപസ് | ബാരൻ ക്വില്ല |

ഇതു കൂടാതെ ഒട്ടനവധി മറ്റു തൊഴിലാളികൾ തട്ടിക്കൊണ്ടു പോകലിനും ഗുണ്ടകളുടെ പീഡനങ്ങൾക്കും ഇരയായിട്ടുണ്ട്. 2003 സെപ്റ്റംബർ 10-ന് ബാരൻ കില്ല കൊക്കക്കോള പ്ലാന്റിലെ ജീവനക്കാരനും യൂണിയൻ നേതാവുമായ ലിംബെൻ ട്ടോ കരാൻ സയുടെ 15 വയസ്സുകാരനായ മകനെ തട്ടിക്കൊണ്ടുപോയി മർദ്ദിച്ചവശനാക്കി വഴിയിൽ ഉപേക്ഷിച്ചത് ഒരു ഉദാഹരണം മാത്രം.

ഇതിന്റെ തുടർച്ചയാണോ ഗംഗൈ കൊണ്ടാൻ പഞ്ചായത്ത് പ്രസിഡണ്ട് കംസന്റെ വധം എന്നാണ് സംശയം ഉയർന്നിരിക്കുന്നത്.

*E-mail : info.gaia@gmail.com, 9895803545*